"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തിരിച്ചെടുക്കാനാവാത്തവിധം നശിച്ചു പോയ സ്ലൈവർ, തുണി, യാൺ എന്നീ സാധനങ്ങളും ആയതിന്റെ വിലയായ 20,29,792/- രൂപയും എഴുതിതള്ളുന്നതിനും, സ്റ്റോക്കിൽ നിന്നും കുറവ് വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വ്യവസായ (കെ) വകുപ്പ്

G.O.(Rt)No.707/2022/ID തീയതി,തിരുവനന്തപുരം, 15-07-2022

---

പരാമർശം:- കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയുടെ 31.05.2019,24.12.2021,29.04.2022 തീയതികളിലെ കെ.ബി.നം.6959/18/കെ5 നം. കത്തുകൾ.

**ഉത്തരവ്**

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം കാരണം സംസ്ഥാനത്തെ ചില ജില്ലകളിൽ ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഖാദി ഉല്പാദന കേന്ദ്രങ്ങളിൽ നാശനഷ്ടങ്ങളുണ്ടാകുകയും ആയത് സംബന്ധിച്ച് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കുമായി നിയമിച്ച ബോർഡ് മെമ്പർ അടക്കമുള്ള മൂന്നംഗ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ബോർഡ് യോഗം പരിശോധിക്കുകയും പ്രളയത്തിലകപ്പെട്ട് ദ്രവിച്ചുപോയ നൂൽ, തുണി, റോവിംഗ്സ് എന്നിവ സ്റ്റോക്കിൽ കുറവ് ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുവാദം വാങ്ങുന്നതിനും ഉപയോഗ ശൂന്യമായ ഇരുമ്പ്, തടി ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനും ബോർഡ് യോഗം തീരുമാനിക്കുകയും ആയതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറി അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തിൽ തിരിച്ചെടുക്കാനാവാത്തവിധം നശിച്ചു പോയ സ്ലൈവർ, തുണി, യാൺ എന്നീ സാധനങ്ങളും, ആയതിന്റെ വിലയായ 20,29,792/- രൂപയും (ഇരുപതു ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) എഴുതിതള്ളുന്നതിനും, സ്റ്റോക്കിൽ നിന്നും കുറവ് വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SIJU JACOB
JOINT SECRETARY

സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (22.06.2022-ലെ **പി.യു-ഡി1/03/2020ധന(e-1425937)** കുറിപ്പ് പ്രകാരം)
ഐ&പി.ആർ.ഡി (ഉത്തരവ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by S Padmaja**
**Date: 15-07-2022 17:18:12**
സെക്ഷൻ ഓഫീസർ

പകർപ്പ്:: ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസിന്,
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്